പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3039 — 21-08-2017-ലെ മറുപടിയ്ക്ക്

## കാലവർഷത്തിൽ വിളനാശം നേരിട്ട കർഷകർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷത്തിൽ വിളനാശം നേരിട്ട കർഷകർക്ക് വിള ഇൻഷുറൻസ് ഇല്ലെന്ന കാരണത്താൽ അർഹമായ നഷ്ടപരിഹാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ; | (ബി) & (സി) | പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിലവിൽ വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ അനുവദിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ വിള ഇൻഷ്വർ ചെയ്യാത്ത കർഷകർക്കും പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിനായി കൃഷിഭവൻ മുഖേന അപേക്ഷ സ്വീകരിച്ച് ഫീൽഡ് തല പരിശോധന നടത്തി നഷ്ടപരിഹാരതുക കണക്കാക്കി ഫണ്ട് ലഭ്യമാക്കി മുൻഗണനാ ക്രമമനുസരിച്ച് ആനുകൂല്യം വിതരണം ചെയ്യുന്നതാണ്. അധികമായി വേണ്ടിവരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91-പ്ലാൻ "പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി" എന്ന ശീർഷകത്തിൽ നിന്നാണ് കണ്ടെത്തുന്നത്. സംസ്ഥാനത്തെ മുഴുവൻ കർഷകരേയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| (സി) | വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിൽ നേരിടുന്ന വൻ കാലതാമസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**